# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. LIV - JK 107 | 2026 August 15 | No. 11

## PASTORAL LETTER

# വല്ലാർപാടം തീർത്ഥാടനം 2026

*യേശുവിൽ പ്രിയ സഹോദരവൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

വരാപ്പുഴ അതിരൂപത, 'അതിരൂപത'യായി ഉയർത്തപ്പെട്ടിട്ട് 2026 സെപ്തംബർ 1-ന് 140 വർഷങ്ങൾ പൂർത്തിയാകുന്ന ധന്യവേളയിൽ നാം നടത്തുന്ന വല്ലാർപാടം മരിയൻ തീർത്ഥാടനം ആഗതമാകുകയാണ്. 2026 സെപ്തംബർ 13-ാം തീയതി ഞായറാഴ്ചയാണ് ഈ വർഷത്തെ തീർത്ഥാടനം നാം നടത്തുന്നത്. അതിരൂപത ഒരു കുടുംബമായി ജപമാലയും കയ്യിലേന്തി കാൽനടയായി നമുക്ക് എന്നും ആശ്വാസവും അഭയവും നൽകുന്ന പരിശുദ്ധ വല്ലാർപാടത്തമ്മയുടെ സന്നിധിയിലേക്ക് നാം നടത്തുന്ന തീർത്ഥാടനം സ്വർഗം തുറക്കപ്പെടുന്ന ഒരു പ്രാർഥനാനുഭവമാണ് നമുക്ക് സമ്മാനിക്കുന്നത്. കായലിൽ താണുപോയ അമ്മയെയും കുഞ്ഞിനെയും തന്റെ കരങ്ങളിൽ സംരക്ഷിച്ച പരിശുദ്ധ കാരുണ്യമാതാവ് എന്നും നമ്മെ എല്ലാവരെയും കാത്തുസംരക്ഷിക്കട്ടെയെന്ന് ഞാൻ പ്രാർഥിക്കുന്നു.

പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ തന്റെ ആദ്യ ചാക്രികലേഖനമായ 'മാനവമഹത്വം' *(Magnifica Humanitas)* ഉപസംഹരിക്കുന്നത് പരിശുദ്ധ അമ്മയുടെ പ്രത്യാശയുടെ ഗീതം – സ്തോത്ര ഗീതം വിശദീകരിച്ചുകൊണ്ടാണ്. പാപ്പാ പറയുന്നു – "ദൈവത്തിന്റെ അദൃശ്യമായ പ്രവൃത്തികൾ തിരിച്ചറിയാൻ കന്യകമറിയം നമ്മെ പഠിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്; മറിച്ച്, മനുഷ്യത്വം തകർക്കപ്പെടുകയും ലോകം വികലമാക്കപ്പെടുകയും ചെയ്യുന്ന ഇടങ്ങളിലേക്ക്: എളിയവരും ശക്തരും പാവപ്പെട്ടവരും പണക്കാരും സംതൃപ്തരും വിശക്കുന്നവരും തമ്മിലുള്ള വൈരുദ്ധ്യങ്ങളിലേക്ക് നമ്മുടെ ശ്രദ്ധതിരിച്ചുവിടുകയും ചെയ്യുന്നു. ശക്തരുടെ കണ്ണുകളിലൂടെയല്ലാതെ സഹിക്കുന്നവരുടെ കണ്ണുകളിലൂടെ, താഴെത്തട്ടിൽ നിന്ന് ലോകത്തെ നോക്കിക്കാണാനും, ശക്തരുടെ കാഴ്ചപ്പാടിലൂടെയല്ലാതെ എളിയവരുടെ കണ്ണുകളിലൂടെ ചരിത്രത്തെ നോക്കാനും വിധവയുടെയും അനാഥന്റെയും അപരിചിതന്റെയും മുറിവേറ്റ കുഞ്ഞിന്റെയും പ്രവാസിയുടെയും അഭയാർഥിയുടെയും കാഴ്ചപ്പാടിലൂടെ ചരിത്ര സംഭവങ്ങൾ വ്യാഖ്യാനിക്കാനും അവൾ നമ്മെ പഠിപ്പിക്കുന്നു."

നിർമ്മിതബുദ്ധിയുടെ ഈ കാലഘട്ടത്തിൽ മാനവമഹത്വം ഉയർത്തിപ്പിടിക്കാൻ നാം പ്രതിജ്ഞാബദ്ധരാണെന്ന് ഓർമ്മിപ്പിക്കുന്ന ലെയോ പാപ്പാ, 'മറിയത്തിന്റെ അതേ വിശ്വാസത്തോടെ നമുക്ക് നമ്മുടെ ലോകത്തിൽ പ്രത്യാശയുടെ 'നെയ്ത്തുകാരായി' മാറാം എന്നാണ് ആഹ്വാനം ചെയ്യുന്നത്. മാറ്റങ്ങളുടെ ഈ കാലഘട്ടത്തിൽ പരിശുദ്ധ അമ്മയാണ് നമ്മുടെ മാതൃകയെന്ന് പാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നു. നിർമ്മിതബുദ്ധിയുടെ സാന്നിധ്യമുള്ള മേഖലകൾ ഏറിവരുമ്പോഴും ഒരു സ്നേഹസംസ്കാരം കെട്ടിപ്പടുക്കുന്നതിനും പ്രത്യാശയോടെ വിശ്വാസം ജീവിക്കുന്നതിനും നാം പ്രത്യാശയുടെ നെയ്ത്തുകാരായി മാറേണ്ടതുണ്ട്. അതിന് പരിശുദ്ധ വല്ലാർപാടത്തമ്മയുടെ സന്നിധിയിലേക്ക് നാം നടത്തുന്ന തീർത്ഥാടനത്തിൽ പരിശുദ്ധ അമ്മയുടെ സ്തോത്രഗീതം നമുക്ക് പ്രത്യാശപകരട്ടെയെന്നും ഞാൻ ആശംസിക്കുന്നു.

ഈ വർഷത്തെ വല്ലാർപാടം തീർത്ഥാടനത്തിന്റെ ക്രമം ഇപ്രകാരമാണ്. **2026 സെപ്തംബർ 13-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് എറണാകുളം സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രലിൽ നിന്നും 3.30 ന് വൈപ്പിൻ ഗോശ്രീ ജംഗ്ഷനിൽനിന്നും വല്ലാർപാടം മരിയൻ തീർത്ഥാടനം ആരംഭിക്കുന്നു. തുടർന്ന് 4.30-ന് നമ്മുടെ വൈദികരും സന്ന്യസ്തരും അല്മായരും ഒരുമിച്ചുചേർന്ന് ഒരു കുടുംബമായി വല്ലാർപാടം ബസിലിക്ക അങ്കണത്തിൽ സമൂഹ ദിവ്യബലിയർപ്പിക്കുന്നു.** ദിവ്യബലിമധ്യേ വിജയപുരം രൂപതാ സഹായമെത്രാൻ അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവ് വചനസന്ദേശം നൽകും. ദിവ്യബലിയെ തുടർന്ന് എല്ലാവരെയും പരിശുദ്ധ വല്ലാർപാടത്തമ്മയ്ക്ക് അടിമസമർപ്പണം ചെയ്ത് ഞാൻ പ്രാർഥിക്കുന്നതാണ്. എല്ലാവർക്കും തീർത്ഥാടനത്തിൽ പങ്കെടുക്കാൻ സൗകര്യം ലഭിക്കേണ്ടതിന് നമ്മുടെ ദൈവാലയങ്ങളിൽ ഉച്ചയ്ക്ക് ശേഷം തിരുക്കർമ്മങ്ങളും ബി.സി.സി. യോഗങ്ങൾ, വാർഷികങ്ങൾ, മറ്റു പരിപാടികൾ എന്നിവയും മാറ്റി വയ്ക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു. എല്ലാവരെയും വല്ലാർപാടം തീർത്ഥാടനത്തിലേക്ക് ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. സെപ്തംബർ മാസം തീർത്ഥാടനമാസമായി കണ്ട് ഇടവകകളിൽ നിന്നും ഫൊറോനകളിൽ നിന്നും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ വല്ലാർപാടത്തേക്ക് പ്രത്യേക തീർത്ഥാടനങ്ങൾ നടത്തുന്നതിനും ഞാൻ പ്രത്യേകം ആഹ്വാനം ചെയ്യുന്നു.

**വല്ലാർപാടം തീർത്ഥാടനത്തിന് മുന്നോടിയായി 2026 സെപ്തംബർ 6 ഞായർ മുതൽ 10 വ്യാഴം വരെ വല്ലാർപാടം ബൈബിൾ കൺവെൻഷൻ നടത്തപ്പെടും.** എല്ലാ ദിവസവും വൈകിട്ട് 4.30 മുതൽ രാത്രി 9 മണി വരെ ആയിരിക്കും ധ്യാനശുശ്രൂഷ. പരിശുദ്ധ വല്ലാർപാടത്തമ്മ വഴി നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദി പറയുവാനും അമ്മയോടൊത്ത് ധ്യാനിക്കുവാനും പരിശുദ്ധാത്മാവിനാൽ നിറയുവാനും വരാപ്പുഴ അതിരൂപതാ പ്രൊക്ലമേഷൻ കമ്മീഷന്റെയും വല്ലാർപാടം ബസിലിക്കയുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ബൈബിൾ കൺവെൻഷനിൽ പങ്കെടുക്കുവാനും ഞാൻ

എല്ലാവരെയും ക്ഷണിക്കുന്നു. സുപ്രസിദ്ധ ധ്യാനഗുരുവായ ബഹുമാനപ്പെട്ട സേവ്യർഖാൻ വട്ടായിൽ PDM അച്ചനാണ് ഈ വർഷത്തെ ബൈബിൾ കൺവെൻഷന് നേതൃത്വം നൽകുന്നത്. വല്ലാർപാടം ബൈബിൾ കൺവെൻഷൻ വഴി പരിശുദ്ധ അമ്മയിലൂടെ പ്രത്യാശയുടെ നെയ്ത്തുകാരായി മാറാൻ നമുക്ക് സാധിക്കട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

**2026 സെപ്തംബർ 16 മുതൽ 24 വരെ നടത്തപ്പെടുന്ന പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തിരുനാളിലേക്കും** ഞാൻ എല്ലാവരെയും സ്വാഗതം ചെയ്യുന്നു. പരിശുദ്ധ കാരുണ്യനാഥയുടെ അത്ഭുത ഛായാചിത്രം പ്രതിഷ്ഠിതമായിട്ടുള്ള വല്ലാർപാടം ബസിലിക്കയിലെ തിരുനാൾ ആഘോഷവും ഏറെ അനുഗ്രഹദായകമാകട്ടെ എന്ന് ഞാൻ ആശംസിച്ചുകൊണ്ട് എനിക്ക് നിങ്ങളോടുള്ള പൈതൃക സ്നേഹത്തിന്റെ അടയാളമായി പിതാവിന്റേയും, പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2026 ആഗസ്റ്റ് 15-ാം തീയതി,

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

---

N.B.: **ഈ ഇടയലേഖനം 2026 ആഗസ്റ്റ് 30-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

## CIRCULAR - 21

## അഭിവന്ദ്യ ബർണഡിൻ ബച്ചിനെല്ലി മെത്രാപ്പോലീത്ത അനുസ്മരണം 2026 സെപ്തംബർ 5 – അധ്യാപകദിനം

*യേശുവിൽ പ്രിയ വൈദികസഹോദരരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

നമുക്കെല്ലാം വിദ്യപകരാനായി 'പള്ളികൾതോറും മാത്രമല്ല ഓരോ കരകളിലും പള്ളിക്കൂടം' സ്ഥാപിക്കാൻ കല്പനയിട്ട് അക്ഷര ലോകത്തേക്ക് കൈപിടിച്ചുയർത്തിയ 'ഭാരതത്തിന്റെ മഹാമിഷനറി' എന്നറിയപ്പെടുന്ന വരാപ്പുഴ മെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യ ബർണഡിൻ ബച്ചിനെല്ലി പിതാവിന്റെ 158-ാം ചരമവാർഷികം അധ്യാപകദിനമായ സെപ്തംബർ 5-ാം തീയതിയാണ്.

വരാപ്പുഴ ഇടവകവികാരിയായിരിക്കെ തന്റെ ഇടവകാതിർത്തിയിലുള്ള കൂനമ്മാവിൽ ഒരു ആശാൻ നടത്തിയിരുന്ന വിദ്യാഭ്യാസശാല 1836-ൽ കാണാൻ ഇടയാകുകയും ആശാന് ശമ്പളം നൽകാൻ മുൻകൈ എടുക്കുകയും ചെയ്ത അദ്ദേഹം 1845-ൽ പ്രൊവികാരി അപ്പസ്തോലിക്കയായി കൊല്ലം പട്ടണത്തിലെത്തുകയും അവിടെ 1847 മുതൽ അനേകം സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. 1853 മുതൽ വരാപ്പുഴ വികാരിയാത്തിന്റെ അഡ്മിനിസ്ട്രേറ്ററായി ചുമതലയേറ്റ ശേഷമാണ് 1856-ൽ 'പള്ളികൾതോറും മാത്രമല്ല, ഓരോ കരകളിലും പള്ളിക്കൂടം' സ്ഥാപിക്കാൻ ഓരോ പ്രോവിൻസിനും വാക്കാൽ കല്പന നൽകുകയും 1857 മാർച്ച് മാസത്തിൽ ഇതുൾപ്പെടെ 25 നിയമങ്ങൾ അടങ്ങിയ കല്പന എഴുതി നൽകുകയും ചെയ്തത്. സെപ്തംബർ 5 നാം അധ്യപകദിനമായി ആചരിക്കുമ്പോൾ ഭാരതത്തിൽ വിദ്യാഭ്യാസത്തിന് ഇത്രയേറെ സംഭാവനകൾ നൽകിയ ഈ മഹാമിഷനറിയെ നാം വിസ്മരിച്ചു കൂടാ. ആയതിനാൽ അന്നേദിനം അഭിവന്ദ്യ ബെർണഡിൻ ബെച്ചിനെല്ലി മെത്രാപ്പോലീത്തയുടെ സ്മരണയിൽ സാധ്യമായ പരിപാടികൾ ആസൂത്രണം ചെയ്യണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. ഇതോടനുബന്ധിച്ച് അതിരൂപതാ പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് സെപ്തംബർ 3-ന് കൂനമ്മാവ്

സെന്റ് ഫിലോമിനാസ് ഹയർ സെക്കണ്ടറി സ്കൂളിൽ, ബർണഡിൻ ബച്ചിനെല്ലി മെത്രാപ്പോലീത്തയുടെ ഛായാചിത്രസ്ഥാപനവും അനുസ്മരണവും നടത്തുന്നതാണ്. കൂടാതെ, കേരള ലാറ്റിൻ കാത്തലിക് ഹിസ്റ്ററി അസ്സോസിയേഷന്റെ (KLCHA) നേതൃത്വത്തിൽ സെപ്തംബർ 5-ാം തീയതി ശനിയാഴ്ച രാവിലെ 11.00 മണിക്ക് എറണാകുളം സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ അങ്കണത്തിലുള്ള മരിയസദനിൽ ബർണഡിൻ ബച്ചിനെല്ലി മെത്രാപ്പോലീത്ത അനുസ്മരണവും തുടർന്ന് ഉച്ചയ്ക്ക് 12.30ന് കത്തീഡ്രൽ ദൈവാലയത്തിൽ ലത്തീൻഭാഷയിൽ ദിവ്യബലിയർപ്പണവും നടത്തപ്പെടുന്നതാണ്. ഈ പരിപാടികളുടെ വിജയത്തിനായി എല്ലാവരുടെയും പങ്കാളിത്തവും പിന്തുണയുമുണ്ടാകണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു.

എല്ലാ അധ്യാപകർക്കും ആദരവോടും പ്രാർത്ഥനയോടും കൂടെ അധ്യാപകദിനാശംസകൾ നേരുന്നു.

എറണാകുളം<br>
15.08.2026

**✠ ജോസഫ് കളത്തിപ്പറമ്പിൽ**<br>
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

## NOTIFICATION - 9
## ORDO - 2027

Dear Rev. Fathers,

In view of updating our personal details in ORDO 2027, if there is any correction, change, addition, etc. in your personal details (Mobile Number, Email Id, Academic achievements, etc.), please inform the Archdiocesan Curia in writing before 30th September 2026.

15.08.2026 **Chancellor**

Verapoly

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre,  Kakkanad, Kochi - 21